• പ്രതികരണം



# നാട്ടുകാരുടെ സുരക്ഷിതത്വം ഞങ്ങളുടെ മുൻഗണന

## പ്ലാച്ചിമട പ്രശ്നം : സുപ്രീംകോടതി മോണിറ്ററിംഗ് കമ്മിറ്റി അംഗം ഡോ. ക്ലോഡ് അൽവാരിസ് കേരളീയത്തിനയച്ച ഇ-മെയിലിൽ നിന്ന്

മൊഴിമാറ്റം : സമദ് 'ബ്ലാക്ക്ബെറി'

• കൊക്കക്കോളയുടെ എഴുത്ത് സംബന്ധമായി സുപ്രീം കോടതിയുടെ നിരീക്ഷണസമിതി അവരുടെ വാദഗതിയിൽ താത്പര്യമില്ല. തെളിവുകൾ ഞങ്ങൾ പരിശോധിച്ചു. കുടിവെള്ള പ്രശ്നം നേരിടുന്ന തദ്ദേശീയർക്ക് വെള്ളമെത്തിക്കാൻ സമിതി ഏകകണ്ഠമായി ആവശ്യപ്പെട്ടു. സമിതി ഒരു കോടതിയല്ല പരമോന്നത കോടതിയുടെ നിർദ്ദേശങ്ങൾ ഞങ്ങൾ നടപ്പിലാക്കുന്നുവെന്ന് മാത്രം. അപകടകരമായ വ്യാവസായിക ഉച്ഛിഷ്ടങ്ങളെ സംബന്ധിച്ച് പ്രത്യേകിച്ചും. സമിതിയെ വിവാദങ്ങളിലേക്ക് വലിച്ചിഴയ്ക്കേണ്ട കാര്യമില്ല. അശ്രദ്ധമായ വ്യാവസായിക പ്രവർത്തനങ്ങൾ മൂലം പാവപ്പെട്ട ജനങ്ങൾ ദുരിതമനുഭവിക്കുന്നതിനെ കുറിച്ചുമാത്രമാണ് സമിതിയുടെ പരിഗണന. പരമോന്നത കോടതി വിധി നടപ്പിലാക്കാൻ ഈ പരിഗണന മാത്രം മതി. സമിതി വെപ്രാളപ്പെട്ട് തീരുമാനങ്ങളെടുക്കില്ല. അത് എല്ലാ കോണുകളും പരിഗണിക്കും. ഇക്കാര്യത്തിലും പഠനഫലങ്ങളും ഞങ്ങൾ പരിശോധിച്ചിട്ടുണ്ട്. കൊക്കക്കോളയ്ക്ക് സമിതിയുടെ തീരുമാനങ്ങളിൽ അസംതൃപ്തിയുണ്ടെങ്കിൽ അപെക്സ് കോടതിയെ സമീപിക്കാം.

• കൊക്കക്കോളശാലയെ സംബന്ധിച്ചിടത്തോളം വ്യവസായ മലിനീകരണ നിരീക്ഷണസമിതിയുടെ തീരുമാനം അന്തിമമാണ്. കേരളീയ മലിനീകരണ നിയന്ത്രണകേന്ദ്രത്തോട് കോള വ്യവസായശാലയ്ക്കു ചുറ്റുമുള്ള പാവപ്പെട്ട ജനങ്ങൾക്ക് വെള്ളമെത്തിക്കുന്നതു വരെ വ്യവസായശാല തുറക്കാനനുവദിക്കരുതെന്ന് ഞങ്ങളാവശ്യപ്പെട്ടിട്ടുണ്ട്. കൂടുതൽ വിവാദങ്ങളിലേക്ക് സമിതിയെ വലിച്ചിഴയ്ക്കരുത്. 14-10-2003 ലെ അപെക്സ് കോടതിയുത്തരവിനെ നടപ്പിലാക്കാൻ മാത്രമാണ് ഞങ്ങളുടെ ശ്രമം. മുൻഗണനാക്രമം പലരും പലവിധത്തിലാണ് നിശ്ചയിക്കുന്നത്. പരമോന്നത കോടതി ഞങ്ങൾക്ക് അധികാരം തന്നിട്ടുണ്ട്. ഏലൂർ, ഇടയാർ പ്രശ്ന സംബന്ധമായി ഒരു മലിനീകരണ വിശകലന പഠനം. പെരിയാറിന്റെ മലിനീകരണം അവസാനിപ്പിക്കുകയോ നിയന്ത്രിക്കുക ചെയ്യുന്ന സാങ്കേതിക സംവിധാനം നിർണ്ണയിക്കുവാൻ ഇത് സഹായിക്കും. ആയിരക്കണക്കിന് ജനങ്ങൾക്ക് ആശ്വാസം കിട്ടുന്ന ഈ കാര്യമാണ് ഞങ്ങളെ സംബന്ധിച്ചടത്തോളം മുൻഗണനാക്രമത്തിൽ ആദ്യത്തേത്.

LAEPC യുടെ പുരോഗതി ഞങ്ങൾ നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്.

• കൊക്കക്കോളയുടെ അകായിക്കകത്തുള്ള ഭൂനികത്ത് (Land fill) നിരീക്ഷണസമിതി പരിശോധിച്ചു. കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡിനോട് നിശ്ചയിച്ച മാതൃകയനുസരിച്ചുള്ളതാണ് അത്. അപകടകരമായ ഉച്ഛിഷ്ടങ്ങളെ ഉൾക്കൊള്ളാൻ അതിന് കഴിയുമെന്നാണ് ഞങ്ങളുടെ വിശ്വാസം. വികസിത രാജ്യങ്ങളുടെ അനുഭവങ്ങളിൽ നിന്നും പാഠങ്ങളുൾക്കൊണ്ട് മെച്ചപ്പെടുത്തിയതാണ് ഇത്തരം ലാന്റ് ഫില്ലുകൾ. ലാന്റ് ഫില്ലുകളുടെ പ്രവർത്തനപരാജയങ്ങൾക്കെതിരെ ഇൻഷ്വർ ചെയ്യപ്പെട്ടവയാണ്. നിരീക്ഷണസമിതി മലിനീകരണം നടന്ന ശേഷമാണ് ഇക്കാര്യത്തിൽ ഇടപെടുന്നത്. അനുമതി നല്കുകയും പിൽക്കാലത്ത് ഖേദിക്കുകയും ചെയ്യുന്ന പഞ്ചായത്ത് സമിതികളാണ് യഥാർത്ഥ ഉത്തരവാദികൾ. ഇന്ത്യൻ ജനാധിപത്യത്തിന്റെ വിനാശകരമായ അവസ്ഥയാണിത്. ജനങ്ങളുടെ അഭിപ്രായത്തെ വിലമതിക്കുന്ന ശക്തമായ ജനപ്രതിനിധിസഭയ്ക്കേ നിലനിൽപ്പുള്ള തീരുമാനങ്ങൾ ഇക്കാര്യങ്ങളിലെടുക്കാൻ കഴിയൂ. വ്യവസായശാല എവിടെ വരണം, എങ്ങനെ വേണം എന്നിവ തീരുമാനിക്കുന്ന സമിതികളിൽ ചെറുപ്പക്കാരും ബുദ്ധിശാലികളുമായവർ വന്നാലേ ദൂരവ്യാപക ദുർഫലങ്ങളുണ്ടാക്കുന്ന ഇന്നത്തെ അവസ്ഥയ്ക്ക് മാറ്റമുണ്ടാവുകയുള്ളൂ.


കേരളീയം

**വരിക്കാരോടും വായനക്കാരോടുമുള്ള അറിയിപ്പ്**

സാമ്പത്തിക പ്രയാസങ്ങളും സാങ്കേതിക കാരണങ്ങളാലും ഏപ്രിൽ-ജൂലായ് 'കേരളീയം' ലക്കങ്ങൾ പ്രസിദ്ധീകരിക്കാനായില്ല. കൂടുതൽ പേജുകളോടെ ഇറക്കുന്ന ഈ ലക്കവും വായനക്കാരുടെ കൂടിയ പിന്തുണ തേടുന്നു. പ്രതികരണമറിയിച്ച്, വാർത്തകളും വിശേഷങ്ങളും കുറിപ്പുകളും പരിപാടികളും അറിയിച്ച്, സുഹൃത്തുക്കളെ 'കേരളീയം' പരിചയപ്പെടുത്തി, ഒപ്പം വരിസംഖ്യ, സംഭാവന, പരസ്യം ശേഖരിച്ച് തന്ന് തുടർന്നും സഹകരണമുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

ഉത്തരവാദിത്വമുള്ള വായനക്കാരാണ് 'കേരളീയം' പോലുള്ളവയുടെ ശക്തി. ഉറവിടവും, ബദൽ പ്രസിദ്ധീകരണങ്ങളുടെ പ്രതിസന്ധി ഘട്ടങ്ങളിൽ നമുക്ക് പരസ്പരം കൂടുതൽ സഹകരിയ്ക്കേണ്ടതുണ്ട്.

പ്രതീക്ഷയോടെ കാത്തിരിക്കുന്നു.

വരിസംഖ്യ (12 ലക്കം) 180 രൂപ, ആജീവനാന്തം 2000 രൂപ

ട്രസ്റ്റ് അംഗത്വം 6,000 രൂപ

എം.ഒ./ഡി.ഡി./കളക്ഷൻ ചാർജ്ജ് ചേർത്ത് ചെക്ക്/പി.ഒ.

വിലാസം : 'കേരളീയം', കൊക്കാലെ, തൃശൂർ-21.

ഫോൺ : 0487-2421385, 9447674375